| | | | | | ചെയർമാന് 22.03.2019 ൽ കെ.എസ്.എ 645/2018/റൂൾസ്.3 നമ്പർ കത്ത് അയച്ചിട്ടുണ്ടെന്നുള്ള വിവരവും അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുകയും ഓഡിറ്റ് ചാർജ് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ ഖണ്ഡിക തീർപ്പാക്കണമെന്ന് 01/04/2019-ലെ KSA 8461/ O&M1/2018 നമ്പർ കത്തിലൂടെ അക്കൗണ്ടന്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. |
| 3 | ഗുരുവായൂർ ദേവസ്വം ഓഡിറ്റ് | No.OA(HQ)II/II / 12-64/15-16/344 Dated 01.04.2015 | B I | ഓഡിറ്റ് ചാർജ് കുടിശ്ശിക സംബന്ധിച്ച് | 2007-08 മുതൽ 2010-11 വരെയുള്ള ഓഡിറ്റ് ചാർജ് കുടിശ്ശിക ഗുരുവായൂർ ദേവസ്വം അടവാക്കിയ വിവരവും ബാക്കി കുടിശ്ശികയായുള്ള ഓഡിറ്റ് ഫീ ഡിമാന്റ് ചെയ്തിട്ടുണ്ടെന്ന വിവരവും 24/07/2018 ലെ കെ എസ് എ 9002/ഒ&എം1/2015 നമ്പരായുള്ള കത്തിലൂടെ അക്കൗണ്ടന്റ് ജനറലിനെ അറിയിച്ചിട്ടുണ്ട്. ഖണ്ഡിക തീർപ്പാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. |

## അധ്യായം - 8

# 8.1 മറ്റുവിഷയങ്ങൾ

### 8.1. <u>വകുപ്പിലെ പരാതി പരിഹാര സംവിധാനം</u>

വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചും, വകുപ്പ് ഇടപെടൽ നടത്തേണ്ട വിഷയങ്ങളെപ്പറ്റിയും, വകുപ്പിലെ ജീവനക്കാർക്കെതിരെയും ഉള്ള പരാതികൾ രണ്ടു രീതിയിലാണ് ആസ്ഥാന കാര്യാലയത്തിൽ ലഭിക്കുന്നത്. തപാൽ മാർഗ്ഗവും, ഔദ്യോഗിക വെബ്സൈറ്റായ www.ksad.kerala.gov.in വഴിയും. പരാതികൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ഡയറക്ടറേറ്റിൽ പ്രത്യേക സെക്ഷൻ തന്നെ പ്രവർത്തിക്കുന്നുണ്ട്. പരാതികളുടെ മേൽ നോട്ടത്തിനായി പരാതി രജിസ്റ്റർ പരിപാലിക്കുകയും കൃത്യമായ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. പരാതികളിൽ നടപടി കൈക്കൊള്ളേണ്ടവ സബ് ഓഫീസ്, ഹെഡ് ഓഫീസിലെ സെക്ഷനുകൾ എന്നിവയ്ക്ക് കാലതാമസം കൂടാതെ പരാതികൾ കൈമാറുന്നു. സമയബന്ധിതമായി തന്നെ ഇവയിൽ നടപടികൾ കൈക്കൊള്ളുന്നു.

### 8.2. <u>ഔദ്യോഗിക ഭാഷാ നിയമം നടപ്പാക്കൽ</u>

ഫയൽ നീക്കത്തിൽ 100 ശതമാനവും ഭരണ ഭാഷയായ മലയാളം നടപ്പാക്കിയിട്ടുള്ള വകുപ്പാണ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്. ഭരണ ഭാഷാ നടപ്പാക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന സംസ്ഥാന സമിതിയുടെ തലവൻ വകുപ്പ് ഡയറക്ടറും, കൺവീനർ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറുമാണ്. കൂടാതെ, ഔദ്യോഗികഭാഷാനിയമം നടപ്പാക്കലുമായി ബന്ധപ്പെട്ട് 14 ജില്ലകളിലും ജില്ലാതലസമിതികൾക്കും രൂപം നൽകിയിട്ടുണ്ട്. വകുപ്പിന്റെ ജില്ലാ ഓഡിറ്റ് കാര്യാലയങ്ങളിലെ മേധാവികളാണ് അതാതു ജില്ലാതല മേൽനോട്ട സമിതികളുടെ തലവൻമാർ. ഇവരും കൂടി ഉൾപ്പെടുന്നതാണ് വകുപ്പിന്റെ ഔദ്യോഗിക ഭാഷാനിയമം നടപ്പാക്കലിന്റെ സംസ്ഥാനസമിതി.

#### 8.2.1 <u>*ഭരണഭാഷാ വാരാഘോഷം*</u>

2019 ലെ മലയാള ഭാഷാദിനവും, ഭരണഭാഷാ വാരാഘോഷവും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ സമുചിതമായി ആചരിച്ചു. മലയാളഭാഷാ ദിനമായ നവംബർ 1 -ന് ജീവനക്കാർ ഭരണഭാഷാ പ്രതിജ്ഞയെടുത്തു. കൂടാതെ വാരാചരണത്തിന്റെ ഭാഗമായി എല്ലാ കാര്യാലയങ്ങളിലും പൊതുജനങ്ങൾക്ക് ദൃശ്യമായ വിധത്തിൽ ഭരണരംഗത്ത് വ്യാപകമായി ഉപയോഗിച്ചു വരുന്ന 5 ഇംഗ്ലീഷ് പദങ്ങളുടെ വീതം മലയാളം പരിഭാഷ എഴുതിയ ബോർഡ് എല്ലാ ദിവസവും സ്ഥാപിച്ചു.

ഭരണഭാഷാ വാരാഘോഷം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ വിപുലമായാണ് ആചരിച്ചത്. മലയാള ഭാഷയുടെ പ്രാധാന്യം, ഔദ്യോഗിക തലത്തിൽ മലയാള ഭാഷയുടെ അനിവാര്യത എന്നീ വിഷയങ്ങളിൽ നവംബർ 1 -ന് പ്രഭാഷണങ്ങൾ നടന്നു. മലയാളഭാഷാവാരാചരണത്തിന്റെ ഭാഗമായി തുടർന്നുള്ള ദിവസങ്ങളിൽ ഉച്ചഭക്ഷണ സമയത്തെ ഇടവേളകളിൽ പ്രശ്നോത്തരി, ശുദ്ധമലയാളം, പ്രഭാഷണങ്ങൾ, സംവാദങ്ങൾ കവിതാപാരായണം, രചനാ മത്സരങ്ങൾ, മലയാളം കൈയെഴുത്ത് മത്സരം എന്നിവയും നടന്നു.

## 8.3 - ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എയിംസ്)

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിന് വേണ്ടി സാങ്കേതികസഹായം നൽകുന്നതിന് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം വകുപ്പിന്റെ പ്രധാന ജോലിയായ ഓഡിറ്റ് സംവിധാനം പൂർണ്ണമായും ഓട്ടോമേറ്റ് ചെയ്ത് സൂക്ഷിക്കുന്നതിന് Web based software built on open technologies designed to provide an end to end functionality to manage the complete audit procedures of audit ranging from planning of audit, its execution, generating the audit reports, post audit functions and finally the closure of audit report വികസിപ്പിക്കാൻ തീരുമാനിച്ചു. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കെൽട്രോണിൽ നിന്നും ഈ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് നൽകുന്നതിന് പ്രൊപ്പോസൽ ലഭിക്കുകയും അതിന്റെ എഫർട്ട് ക്വാളിഫിക്കേഷൻ വിശദമായി സർക്കാർ പരിശോധിച്ചതിനുശേഷം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ്‌വെയർ വകുപ്പിൽ 3 ഘട്ടമായാണ് വികസിപ്പിച്ച് ജീവനക്കാരുടെയും ഓഡിറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ഉപയോഗത്തിനായി cloud server ൽ ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളത്.

### *8.3.1. എയിംസ് ആദ്യ ഘട്ടം*

ആദ്യ ഘട്ടം നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ 24.2.2011 ലെ ഉത്തരവ് നം. GO(Rt)1366/2011/Fin പ്രകാരം 28,80,000 രൂപ അനുവദിച്ചു. പരീക്ഷണാർത്ഥം ആദ്യ ഘട്ടത്തിൽ വികസിപ്പിച്ച സോഫ്റ്റ്‌വെയർ മോഡ്യൂൾ ഫിനാൻസ് ഡിപ്പാർട്ട്മെന്റിലെ സർവറിൽ പോസ്റ്റ് ചെയ്ത് കോഴിക്കോട് ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി. തുടർന്ന് ഇത് മറ്റ് ജില്ലകളിലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും വിജയപൂർവ്വം നടപ്പിലാക്കിയിട്ടുണ്ട്. ആദ്യ ഘട്ടം വികസിപ്പിച്ച മോഡ്യൂളിൽ പ്രീ ഓഡിറ്റ് പ്രവർത്തനങ്ങളും ഓഡിറ്റ് നടത്തിപ്പിന് ആവശ്യമായ സജ്ജീകരണങ്ങളും വികസിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

- ഓഡിറ്റ് മോണിറ്റർ- അക്കൗണ്ടുകൾ ലഭിച്ചതിന്റെയും കുടിശ്ശിക ഓഡിറ്റും സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാൻ വേണ്ടിയുള്ള സംരംഭം
- ഓൺലൈനായി ഓഡിറ്റ് പ്ലാൻ തയ്യാറാക്കാനുള്ള സംവിധാനം
- ഓൺലൈനായി പ്രതിമാസ പ്രവർത്തനങ്ങളും, പരിഷ്കരിച്ച പ്രതിമാസ പ്രവർത്തനങ്ങളും തയ്യാറാക്കാനുള്ള സംവിധാനം
- ഓൺലൈനായി ഓഡിറ്റ് നടക്കുന്ന വേളയിൽ ഓഡിറ്റ് എൻക്വയറി ഒബ്ജക്ഷൻ സ്ലിപ്പ്, ഓഡിറ്റ് നോട്ടുകൾ തയ്യാറാക്കാനുള്ള സംവിധാനം
- ഓഡിറ്റ് റിപ്പോർട്ട് ഓൺലൈനായി തയ്യാറാക്കി ഓഡിറ്റ് സ്ഥാപനത്തിന് ഓൺലൈനായി നൽകാനുള്ള സംവിധാനം

### *8.3.2. <u>എയിംസ് രണ്ടാം ഘട്ടം</u>*

രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ 16.06.2015 ലെ GO(MS) No.229/2015/Fin പ്രകാരം 21,00,000/- രൂപ അനുവദിച്ചു. പ്രസ്തുത മോഡ്യൂൾ ഓഡിറ്റ് സ്ഥാപനത്തിന് ഓൺലൈൻ സംവിധാനത്തിലൂടെ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ്. ഐ.കെ.എം വികസിപ്പിച്ച സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയശേഷം എയിംസിൽ ലോഗിൻ ചെയ്ത് വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് അപ്‌ലോഡ് ചെയ്യാനുള്ള സംവിധാനമാണ് ഈ മോഡ്യൂൾ മുഖേന നടപ്പിലാക്കിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ ഡിജിറ്റൽ സിഗ്നേച്ചർ മുഖേന സാക്ഷ്യപ്പെടുത്തുവാനും സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈനായി ലഭിക്കുന്ന വാർഷിക ധനകാര്യ പത്രികകൾ അതാത് ജില്ലാ ഓഡിറ്റ് ഓഫീസുകളിൽ ഓൺലൈൻ മുഖേന പരിശോധിക്കാനും, വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ഇവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈൻ മുഖേന തിരിച്ച് അയച്ചു നൽകാനും സജ്ജീകരണങ്ങൾ ഈ മോഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മോഡ്യൂൾ 20.02.2016 ൽ 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി ക്ലൗഡ് സർവറിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത മോഡ്യൂളിന്റെ സഹായത്തോടെ 2015-16 സാമ്പത്തിക വർഷം മുതൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സമയബന്ധിതമായി വാർഷിക ധനകാര്യ പത്രികകൾ ഓഡിറ്റിന് സമർപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

### 8.3.3. എയിംസ് മൂന്നാം ഘട്ടം

ഓഡിറ്റിനു ശേഷമുള്ള നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ 4.2.2016 ലെ GO(MS)No.59/2016/Fin പ്രകാരം 26,24,000/- രൂപ അനുവദിച്ചു. 18.02.2017 ൽ ഇവ ലൈവ് യൂസേജിനുവേണ്ടി ക്ലൗഡ് സർവറിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്. വകുപ്പിലെ എല്ലാ ജീവനക്കാർക്കും എയിംസ് കൈകാര്യം ചെയ്യുന്നതിനുവേണ്ടി പ്രത്യേകം ലോഗിൻ ഐഡിയും പാസ്സ്‌വേർഡും അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത മോഡ്യൂൾ പ്രകാരം ഓഡിറ്റ് സ്ഥാപനത്തിന് ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തിരുത്തൽ റിപ്പോർട്ട് ഓൺലൈൻ മുഖേന സമർപ്പിക്കുവാനുള്ള സംവിധാനവും അതിന്മേൽ വകുപ്പിന് അനന്തരപരാമർശം സമർപ്പിക്കാനുള്ള സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ ഓഡിറ്റ് സ്ഥാപനം സമയബന്ധിതമായി മറുപടി സമർപ്പിക്കാത്ത പക്ഷം ഓൺലൈൻ സംവിധാനത്തിലൂടെ അനന്തരപരാമർശം പുറപ്പെടുവിക്കുവാനും, ചാർജ്/സർചാർജ് നടപടിക്രമങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കാനും മോഡ്യൂളിൽ സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത മോഡ്യൂൾ നടപ്പിലാക്കിയതിലൂടെ 2016-17 സാമ്പത്തികവർഷം മുതൽ കേരളത്തിലെ സർവ്വകലാശാലകളിലും എയിംസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കി. 2016-17 സാമ്പത്തിക വർഷത്തെ സർവകലാശാലകളുടെ ഓഡിറ്റ് പൂർണ്ണമായും (വെറ്റിനറി സർവ്വകലാശാല ഒഴികെ) എയിംസിലൂടെ ആണ് നിർവ്വഹിച്ചിട്ടുള്ളത്. 21.03.2017 ലെ GO(MS)197/2017/Fin ഉത്തരവ് പ്രകാരം എല്ലാ സർവകലാശാലകളുടെയും വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന ഫോർമാറ്റ് ഏകീകരിച്ച് എയിംസ് സോഫ്റ്റ്‌വെയറിൽ 2017-18 സാമ്പത്തിക വർഷം മുതൽ അപ്‌ലോഡ് ചെയ്യുവാൻ വേണ്ടിയുള്ള സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

എയിംസ് സോഫ്റ്റ്‌വെയർ വകുപ്പിൽ നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തെ 1200 ഗ്രാമപഞ്ചായത്തുകളുടെയും 153 ബ്ലോക്ക് പഞ്ചായത്തുകളുടെയും 14 ജില്ലാപഞ്ചായത്തുകളുടെയും 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് പുറപ്പെടുവിക്കുവാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻ വർഷങ്ങളുടെ കുടിശ്ശിക ഓഡിറ്റും 2017-18 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ആശുപത്രി വികസന സമിതികൾ, അനാഥാലയങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയുടെ ഓഡിറ്റ് എയിംസിലൂടെ നിർവ്വഹിച്ച് ഇത്തരം സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും യഥാസമയം ഗ്രാന്റ് ഇൻ എയ്ഡ് ലഭ്യമാക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാനത്തെ 12 സംസ്ഥാന സർവകലാശാലകളിൽ നിന്നും 11 എണ്ണത്തിന്റെ കുടിശ്ശിക ഓഡിറ്റുകൾ പൂർത്തീകരിച്ച് 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ഓഡിറ്റ്

റിപ്പോർട്ടുകൾ എയിംസിലൂടെ പുറപ്പെടുവിക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം വകുപ്പിന്റെ കീഴിലുള്ള മറ്റ് ഓഡിറ്റ് ഓഫീസുകളിലും എയിംസ് നടപ്പിലാക്കുവാൻ വേണ്ടിയുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**8.4 ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ്‌വെയർ**

2017-18 സാമ്പത്തിക വർഷം 220 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ 2054-00-098-88 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ 'കംപ്യൂട്ടർവൽക്കരണം 34 -മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ വകയിരുത്തി. വകുപ്പ് ഡയറക്ടർ, ഇ-ഗവേണൺസ് ടീം, കെൽട്രോൺ പ്രതിനിധികൾ, വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ 14.11.2016 ൽ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന യോഗത്തിൽ ചാരിറ്റബിൾ എൻഡോവ്മെന്റിന്റെ ഓട്ടോമേഷന്റെ ഭാഗമായി എയിംസിന്റെ മോഡിഫിക്കേഷൻ & എൻഹാൻസ്മെന്റ് മോഡ്യൂളായി സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള അംഗീകാരം നൽകി. മേൽപ്പറഞ്ഞ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ശുപാർശകളിന്മേൽ വകുപ്പിന്റെ കീഴിൽ സൂക്ഷിച്ചിട്ടുള്ള ചാരിറ്റബിൾ എൻഡോവ്മെന്റുകൾ ഓപ്പൺ വെബ് സോഫ്റ്റ്‌വെയർ ടെക്നോളജി ഉപയോഗിച്ച് വികസിപ്പിക്കുന്നതിന് കേരള സർക്കാർ 6.2.2018 ൽ ഉത്തരവ് നം. 937/2018/ധന പ്രകാരം വകുപ്പിന് 21,60,000/- രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സോഫ്റ്റ്‌വെയറിന്റെ റിക്വയർമെന്റ് സ്പെസിഫിക്കേഷൻ അംഗീകരിച്ചശേഷം കെൽട്രോൺ എൻഡോവ്മെന്റ് സോഫ്റ്റ്‌വെയറിന്റെ പ്രോട്ടോടൈപ്പ് തയ്യാറാക്കി നൽകുകയുണ്ടായി. തുടർന്ന് ആവശ്യമായ ഭേദഗതികൾ വരുത്തിയശേഷം 2018-19 സാമ്പത്തിക വർഷം തന്നെ ഈ സോഫ്റ്റ്‌വെയറിന്റെ ബീറ്റാ വേർഷൻ വകുപ്പിന്റെ പരിശോധനയ്ക്കായി കെൽട്രോൺ തയ്യാറാക്കി നൽകിയിട്ടുണ്ട്. അതോടൊപ്പം 2019 മെയ് മാസത്തോടെ ഐ.ടി സെക്ഷനിൽ രൂപീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം ചാരിറ്റബിൾ എൻഡോവ്മെന്റിന്റെ ഡേറ്റ പോർട്ടിംഗ് വിജയകരമായി സോഫ്റ്റ്‌വെയറിൽ പൂർത്തീകരിച്ചിട്ടുണ്ട്. 2019 സെപ്റ്റംബർ മാസത്തിൽ GIFT ൽ ട്രെയിനിംഗ് സെന്ററിൽ നടന്ന ചടങ്ങിൽ ധനകാര്യമന്ത്രി സോഫ്റ്റ്‌വെയർ ഉദ്ഘാടനം ചെയ്തു.

**8.5 ഇ-ഓഫീസ് നടപ്പാക്കൽ**

ഇ-ഓഫീസ് എന്നത് കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ (NeGP) ഭാഗമായി നടപ്പാക്കി വരുന്ന ഒരു മിഷൻ മോഡ് സംരംഭമാണ്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം സർക്കാർ ഓഫീസുകളുടെ പ്രവർത്തനവും ഫയലിംഗ് സംവിധാനവും സുതാര്യമാക്കുകയും അതിലൂടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയുമാണ്.

ഇ-ഓഫീസ് സംവിധാനം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കുന്നതിനു വേണ്ടി 18.04.2015 ലെ സർക്കാർ ഉത്തരവ് (സാധാ)4024/15/ധന പ്രകാരം 8,12,491/- രൂപ അനുവദിച്ച് നൽകിയിരുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) എന്ന സ്ഥാപനമാണ് ഈ സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി സാങ്കേതിക സഹായം നൽകുന്ന ഏജൻസി. ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഫയൽ മാനേജ്മെന്റ് സിസ്റ്റം പുന:ക്രമീകരിക്കുക എന്നുള്ളതാണ്. ഓഫീസിൽ ലഭിക്കുന്ന തപാലുകൾ സ്കാൻ ചെയ്ത് ഇലക്ട്രോണിക്ക് ഫയലാക്കി മേൽ നടപടികൾ സ്വീകരിക്കുക. ഈ ഫയലുകളുടെ മൂവ്മെന്റ് ഈ സംവിധാനം വഴി പരിശോധിക്കുക എന്നിവയാണ് ഇവിടെ പ്രാവർത്തികമാക്കുന്നത്.

ആദ്യ ഘട്ടം എന്നുള്ള നിലയ്ക്ക് ഇ-ഓഫീസ് സംവിധാനം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറേറ്റിൽ 06/2015 മുതൽ നടപ്പിലാക്കി. ഡയറക്ടറേറ്റിലെ 81 യൂസേഴ്സിന് ഉപയോഗിക്കുന്നതിനുവേണ്ടി NIC യുടെ സഹായത്തോടെ ഇ-ഓഫീസ് സോഫ്റ്റ്‌വെയർ പരിഷ്കരിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം സുഗമമായി പ്രവർത്തിക്കുന്നതിനുവേണ്ടി ഡയറക്ടറേറ്റിലും അനക്സിലും structured networking ജോലികൾ പൂർത്തീകരിച്ച് KSWAN connectivity എല്ലാ സെക്ഷനുകളിലും ലഭ്യമാക്കിയിട്ടുണ്ട്. തൻവർഷം ഡയറക്ടറേറ്റിലെ എല്ലാ ഫയലുകളും ഇ-ഓഫീസ് സംവിധാനത്തിലൂടെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 വർഷാവസാനത്തോടെ കേരള സംസ്ഥാന വകുപ്പിലെ ഡയറക്ടറേറ്റ് പൂർണ്ണമായും പേപ്പർലെസ് ഓഫീസ് ആക്കുവാനുള്ള ആക്ഷൻ പ്ലാൻ ആണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

രണ്ടാം ഘട്ടമായി തിരുവനന്തപുരം ജില്ലയിലെ KSWAN connectivity ഉള്ള മറ്റു സബ് ഓഫീസുകളിലും, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 8.6 ഐ.ടി അധിഷ്ഠിത പരിശീലന പരിപാടി

06.06.2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം.4260/2019/ധന പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശീലനകേന്ദ്രം Gulathi Institute of Finance & Taxation, ശ്രീകാര്യം പ്രവർത്തിക്കുന്നതിനുവേണ്ടി സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശീലന കേന്ദ്രം IT assisted learning tools ന്റെ സഹായത്തോടെ ആധുനികവൽക്കരിച്ച് വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കും നിലവിലുള്ള ജീവനക്കാർക്കും കാലാകാലങ്ങളിൽ ഓഡിറ്റ് വിഷയങ്ങളിലും മാനദണ്ഡങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾ ഡിജിറ്റലൈസ്ഡ് മാർഗ്ഗേണ തൽസമയം തന്നെ മറ്റ് കേന്ദ്രങ്ങളിൽ നിന്നും പരിശീലനാർത്ഥികൾക്ക് ലഭ്യമാക്കാനാണ്

ഉദ്ദേശിക്കുന്നത്. GIFT ൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സെന്ററിൽ ഇത്തരത്തിലുള്ള IT assisted tools സ്ഥാപിച്ച് ആധുനികവൽക്കരിച്ചു കഴിഞ്ഞാൽ വകുപ്പിന്റെ പരിശീലനകേന്ദ്രം ഒരു അന്താരാഷ്ട്ര നിലവാരമുള്ള ഓഡിറ്റ് റിസർച്ച് സെന്ററായി മാറ്റിയെടുക്കുന്നതോടൊപ്പം വകുപ്പിലെ ജീവനക്കാർക്ക് ഓഡിറ്റിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തൽസമയം തന്നെ ഡിജിറ്റലൈസ്ഡ് പ്ലാറ്റ്ഫോമിൽ ലഭ്യമാക്കാൻ സാധിക്കും. അതിലൂടെ ഓഡിറ്റ് ജീവനക്കാരുടെ കാര്യപ്രാപ്തിയും കാര്യശേഷിയും വർദ്ധിപ്പിക്കാൻ സാധിക്കും.

വകുപ്പിൽ പുതുതായി ജോലിക്ക് പ്രവേശിക്കുന്ന ഓഡിറ്റർമാർക്കും, നിലവിലുള്ള ഓഡിറ്റർമാർക്കും ഓഡിറ്റ് മേഖലയിൽ കാലാകാലങ്ങളിലുണ്ടാകുന്ന ദേശീയ അന്തർദ്ദേശീയ മാറ്റങ്ങൾ റിഫ്രഷർ പരിശീലന കോഴ്സിലൂടെ ആധുനിക വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റലൈസ്ഡ് പ്ലാറ്റ്ഫോമിൽ പരിശീലനം നൽകുന്നതിനുവേണ്ടി IT assisted tools & platform സ്ഥാപിക്കുന്നതിനായും, അത് വകുപ്പിന്റെ മറ്റ് സബ്ഓഫീസുകളുമായി ബന്ധിപ്പിക്കുന്നതിനും വേണ്ടി 15.11.2019 ലെ ULCCS/ULTS/GIS/2019-20/413 ലെ കത്ത് പ്രകാരം ഊരാലുങ്കൽ ലേബൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 8692026/- (ടാക്സ് ഇല്ലാതെ) രൂപയുടെ പ്രൊപ്പോസൽ നൽകി. പ്രസ്തുത പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- Full fledged Video Conferencing facility with infrastructure for training centre
- Full fledged Video conferencing audio video integration in Directors cabin.
- AV Solution at all sub offices.
- Webinar Solution provided
- Recording facility of training seminars
- Simultaneous messaging facility along with the conduct of seminars or otherwise.
- Recording of the messaging facility for the purpose of creating a file (manual)
- Conferencing facility anytime anywhere without location specified.
- Compactabiltiy of conferencing facility using mobiles,tabs etc.
- Third party conferencing participation upon invitation through e-mail links or sms links
- Simultaneous chating facility of various groups without overlaping during seminar or in the absence of seminar.

പ്രസ്തുത പ്രോജക്റ്റ് പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ച ശേഷം പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഭരണാനുമതി G.O.(Rt)No. 844/2020/Fin. dtd 29.01.2020 പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2020 ഡിസംബറോടെ പൂർത്തീകരിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരികയാണ്.

### 8.7 പുതിയ വെബ്സൈറ്റ്

Content Management platform ൽ സംസ്ഥാന സർക്കാരിന്റെ IT Policy guidelines പ്രകാരം word press ൽ വികസിപ്പിച്ചതാണ് വകുപ്പിന്റെ പുതുക്കിയ വെബ്സൈറ്റ്. കേരള സർക്കാർ സ്ഥാപനമായ C-Dit ആണ് ഈ വെബ്സൈറ്റ് വകുപ്പിന്റെ ആവശ്യപ്രകാരം നിർമ്മിച്ചു നൽകിയിട്ടുള്ളത്. വകുപ്പിന്റെ പുതിയ വെബ്സൈറ്റ് 2019 സെപ്തംബറിൽ ഉദ്ഘാടനം ചെയ്തത് ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.മനോജ് ജോഷിയാണ്. ഈ വെബ്സൈറ്റിന്റെ സവിശേഷത ഭിന്നശേഷിയുള്ള (differently abled) വ്യക്തികൾക്കും പരസഹായം കൂടാതെ ഉപയോഗിക്കാൻ സാധിക്കും എന്നതാണ്. വെബ്സൈറ്റിൽ ലഭ്യമായ പ്രധാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- വകുപ്പ് പുറപ്പെടുവിക്കുന്ന എല്ലാ ഓഡിറ്റ് റിപ്പോർട്ടുകളുടെയും പകർപ്പുകൾ ലഭിക്കുന്നു.
- വകുപ്പിന്റെ വാർഷിക ഓഡിറ്റ് പ്ലാൻ, ഓഡിറ്റ് പുരോഗതി എന്നിവ .
- വകുപ്പ് പുറപ്പെടുവിക്കുന്ന സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകൾ അതിന്മേൽ എൽ.എഫ്.എ.സി പുറപ്പെടുവിക്കുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ .
- വകുപ്പ് പുറപ്പെടുവിക്കുന്ന പ്രധാനപ്പെട്ട ഉത്തരവുകൾ, മാന്വലുകൾ, ഓഡിറ്റിനായി ഉപയോഗിക്കുന്ന വിവിധതരം സോഫ്റ്റ്‌വെയറുകളുടെ home page കൾ.
- വകുപ്പിനെപ്പറ്റിയോ വകുപ്പിലുള്ള ജീവനക്കാരെപ്പറ്റിയോ വകുപ്പ് ഓഡിറ്റ് ചെയ്യുന്ന സ്ഥാപനത്തെപ്പറ്റിയോ അവിടത്തെ ജീനവക്കാരെ സംബന്ധിച്ചോ പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ വെബ്സൈറ്റിലെ സിറ്റിസൺ ഓഡിറ്റ് എന്ന ടാബിൽ നിന്നും രഹസ്യമായി ഡയറക്ടർക്ക് അയച്ചു നൽകുന്നതിന്റെ സംവിധാനവും വെബ്സൈറ്റിൽ ലഭ്യമാണ്.
- ഈ വെബ്സൈറ്റ് www.ksad.kerala.gov.in എന്ന URL ൽ ലഭ്യമാണ്.

## അധ്യായം - 9

# 9.1 വിവരാവകാശ നിയമത്തിന്റെ നടപ്പാക്കൽ

2019 - 20 ൽ വിവരാവകാശ നിയമ പ്രകാരം വകുപ്പിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊള്ളാൻ സാധിച്ചിട്ടുണ്ട്. 2018-19 ൽ വിവരാവകാശ നിയമ പ്രകാരം ലഭിച്ച അപേക്ഷകൾ 86 ആയിരുന്നുവെങ്കിൽ 2019-20 ൽ ഇത് 93 ആണ്. വകുപ്പിന് മുൻവർഷങ്ങളിലെപ്പോലെ തൻവർഷവും വിവാവകാശ നിയമ പ്രകാരം പിഴയൊടുക്കേണ്ടി വന്നിട്ടില്ല. പ്രസ്തുത കാലയളവിലെ കേസുകൾ ഒന്നും തന്നെ നിലവിൽ സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പരിഗണനയിലുമില്ല. 2019-20 ൽ വിവരാവകാശ നിയമ പ്രകാരം ഈ വകുപ്പിൽ ലഭിച്ച അപേക്ഷകളുടെയും, തുടർനടപടികളുടെയും വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| | |
|---|---|
| വിവരാവകാശ നിയമ പ്രകാരം 2019-20 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | 93 |
| 31/03/2020 നുള്ളിൽ തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം | 91 |
| ലഭിച്ച ഒന്നാം അപ്പീലുകളുടെ എണ്ണം | 07 |
| തീർപ്പാക്കിയ ഒന്നാം അപ്പീലുകളുടെ എണ്ണം | 07 |
| വിവരാവകാശ കമ്മീഷന്റെ പരിഗണനക്കെത്തിയ രണ്ടാം അപ്പീലുകളുടെ എണ്ണം | 01 |
| വകുപ്പിന് അനുകൂലമായി തീരുമാനം ഉണ്ടായ രണ്ടാം അപ്പീലുകളുടെ എണ്ണം | 01 |

### 9.1.1 <u>വിവരാവകാശനിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള പ്രധാന ഉദ്യോഗസ്ഥർ</u>

| ക്രമനം | പേരും, ഔദ്യോഗിക മേൽവിലാസവും |
|---|---|
| **1.അപ്പീൽ അധികാരി** | |
| | ഡി. സാങ്കി, ഡയറക്ടർ<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>വികാസ് ഭവൻ, തിരുവനന്തപുരം,<br>പിൻ - 695 033<br>ഫോൺ : 0471 – 2303640<br>ഇ മെയിൽ : director.ksad@kerala.gov.in |

| | |
|---|---|
| **2.സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ** | |
| | ക്ലിന്നീസ്.ജെ.മാത്യൂസ്<br>ജോയിന്റ് ഡയറക്ടർ<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റ്<br>വികാസ് ഭവൻ, തിരുവനന്തപുരം,<br>പിൻ - 695033 |
| **3.അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ** | |
| | അഭിലാഷ്.എസ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റ്<br>വികാസ് ഭവൻ, തിരുവനന്തപുരം,<br>പിൻ - 695033<br>ഫോൺ നം: 0471 -2303640 |

**ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| അനുബന്ധം I | | | | | |
|---|---|---|---|---|---|
| 2019-20 ൽ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ | | | | | |
| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | ഓഡിറ്റ് ചെയ്യേണ്ട സ്ഥാപനങ്ങളുടെ എണ്ണം | ഓഡിറ്റിന് ലഭിച്ച വാർഷിക കണക്കുകളുടെ എണ്ണം | ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ എണ്ണം | ഓഡിറ്റ് ചെയ്യാനുള്ള വാർഷിക കണക്കുകളുടെ എണ്ണം |
| *1* | *2* | *3* | *4* | *5* | *6* |
| 1. | ഗ്രാമപഞ്ചായത്ത് | 941 | 982 | 780 | 202 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 152 | 155 | 116 | 39 |
| 3. | ജില്ലാ പഞ്ചായത്ത് | 14 | 14 | 09 | 05 |
| 4. | മുനിസിപ്പൽ കൗൺസിൽ | 87 | 88 | 67 | 21 |
| 5. | മുനിസിപ്പൽ കോർപ്പറേഷൻ | 06 | 09 | 07 | 02 |
| 6. | സർവ്വകലാശാല | 12 | 16 | 10 | 6 |
| 7. | ദേവസ്വം ബോർഡ് | 1,353 | 919 | 477* | 835* |
| 8. | ക്ഷേമനിധി ബോർഡുകൾ | 22 | 18 | 38* | 39* |
| 9. | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 01 | 01 | 01 | 00 |
| 10. | സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 01 | 01 | 01 | 00 |
| 11. | വികസന അതോറിറ്റികൾ | 03 | 04 | 05* | 00 |
| 12. | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 01 | 01 | 01 | 00 |
| 13. | കെ.എച്ച്.ആർ. ഡബ്ല്യൂ.എസ് | 01 | 01 | 00 | 01 |
| 14. | അനാഥാലയങ്ങൾ | 834 | 618 | 616* | 64* |
| 15 | ആശുപത്രി വികസന സമിതികൾ | 2994 | 1532 | 436* | 1779* |
| 16. | ലൈബ്രറി കൗൺസിൽ | 92 | 90 | 86 | 04 |
| 17. | സാംസ്കാരിക സ്ഥാപനങ്ങൾ | 64 | 46 | 35 | 11 |
| 18. | വഖഫ് ബോർഡ് | 01 | 02 | 01 | 01 |
| 19. | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ | 15 | 13 | 09 | 04 |
| 20. | മറ്റ് സ്ഥാപനങ്ങൾ | 180 | 102 | 71 | 31 |
| **ആകെ** | | **6,774** | **4,612** | **2,766*** | **3,044*** |

*** മുൻ വർഷങ്ങളിൽ ലഭിച്ച വാർഷിക കണക്കുകൾ ഉൾപ്പെടെ**

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| അനുബന്ധം II | | | | | | |
|---|---|---|---|---|---|---|
| 2019-20 ൽ തീർപ്പാക്കിയ/തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | | | | | | |
| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | വർഷാരംഭം തീർപ്പാക്കാനു ള്ള ഓഡിറ്റ് റിപ്പോർട്ടുകളു ടെ എണ്ണം | 2019-20 ൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | | തീർപ്പാക്കിയ ഓഡിറ്റ് റിപ്പോർട്ടുകളു ടെ എണ്ണം | 31.03.2020 ന് തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം |
| | | | എണ്ണം | ആകെ | | |
| *1* | *2* | *3* | *4* | *5* | *6* | *7* |
| 1. | ഗ്രാമപഞ്ചായത്ത് | 18,252 | 776 | 19,028 | 475 | 18,553 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 2,411 | 131 | 2,542 | 44 | 2,498 |
| 3. | ജില്ലാ പഞ്ചായത്ത് | 312 | 08 | 320 | 01 | 319 |
| 4. | മുനിസിപ്പൽ കൗൺസിൽ | 2,114 | 66 | 2,180 | 03 | 2,177 |
| 5. | മുനിസിപ്പൽ കോർപ്പറേഷൻ | 236 | 06 | 242 | 00 | 242 |
| 6. | സർവ്വകലാശാല | 235 | 11 | 246 | 00 | 246 |
| 7. | ദേവസ്വം ബോർഡ് | 3,176 | 154 | 3,330 | 04 | 3,326 |
| 8. | ക്ഷേമനിധി ബോർഡുകൾ | 172 | 17 | 189 | 00 | 189 |
| 9. | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 39 | 01 | 40 | 00 | 40 |
| 10. | സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 70 | 01 | 71 | 00 | 71 |
| 11. | വികസന അതോറിറ്റികൾ | 79 | 03 | 82 | 00 | 82 |
| 12. | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 34 | 01 | 35 | 00 | 35 |
| 13. | കെ.എച്ച്.ആർ. ഡബ്ല്യൂ.എസ് | 07 | 00 | 07 | 00 | 07 |
| 14. | അനാഥാലയങ്ങൾ | 42 | 501 | 543 | 399 | 144 |
| 15 | ആശുപത്രി വികസന സമിതികൾ | 309 | 411 | 720 | 311 | 409 |
| 16. | ലൈബ്രറി കൗൺസിൽ | 12 | 78 | 90 | 74 | 16 |
| 17. | സാംസ്കാരിക സ്ഥാപനങ്ങൾ | 07 | 44 | 51 | 18 | 33 |
| 18. | വഖഫ് ബോർഡ് | 20 | 02 | 22 | 01 | 21 |
| 19. | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ | 02 | 03 | 05 | 05 | 00 |
| 20. | മറ്റ് സ്ഥാപനങ്ങൾ | 113 | 75 | 188 | 55 | 133 |
| | **ആകെ** | **27,642** | **2,289** | **29,931** | **1,390** | **28,541** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| അനുബന്ധം III | | | |
|---|---|---|---|
| 2019-20 ൽ പുറപ്പെടുവിച്ച അർഹത/വിനിയോഗ/ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ | | | |
| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | പുറപ്പെടുവിച്ച സർട്ടിഫിക്കറ്റുകളുടെ എണ്ണം | തുക (കോടിയിൽ) |
| *1* | *2* | *3* | *4* |
| 1. | ഗ്രാമപഞ്ചായത്ത് | 737 | 732.26 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 129 | 109.52 |
| 3. | ജില്ലാ പഞ്ചായത്ത് | 09 | 159.25 |
| 4. | മുനിസിപ്പൽ കൗൺസിൽ | 72 | 529.87 |
| 5. | മുനിസിപ്പൽ കോർപ്പറേഷൻ | 07 | 844.28 |
| 6. | സർവ്വകലാശാല | 145 | 65.65 |
| 7. | ദേവസ്വം ബോർഡ് | 00 | 00 |
| 8. | ക്ഷേമനിധി ബോർഡുകൾ | 00 | 00 |
| 9. | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 01 | 49.20 |
| 10. | സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 01 | 3.87 |
| 11. | വികസന അതോറിറ്റികൾ | 00 | 00 |
| 12. | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 01 | 4.81 |
| 13. | കെ.എച്ച്.ആർ. ഡബ്ല്യൂ.എസ് | 00 | 00 |
| 14. | അനാഥാലയങ്ങൾ | 508 | 73.48 |
| 15 | ആശുപത്രി വികസന സമിതികൾ | 392 | 4.29 |
| 16. | ലൈബ്രറി കൗൺസിൽ | 125 | 81.65 |
| 17. | സാംസ്കാരിക സ്ഥാപനങ്ങൾ | 36 | 75.89 |
| 18. | വഖഫ് ബോർഡ് | 00 | 00 |
| 19. | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ | 00 | 00 |
| 20. | മറ്റ് സ്ഥാപനങ്ങൾ | 59 | 52.66 |
| **ആകെ** | | **2,222** | **2,786.68** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം IV

**2019-20 ൽ ഓഡിറ്റിന് വിധേയമാക്കിയ അന്വേഷണ റിപ്പോർട്ടുകൾ**
**(ഗുരുതരമായ ക്രമക്കേടുകളും ധനദുർവിനിയോഗവും സംബന്ധിച്ച്**

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | വർഷാരംഭത്തിലുണ്ടായിരുന്ന അന്വേഷണ റിപ്പോർട്ടുകളുടെ എണ്ണം | | തൻവർഷം പുറപ്പെടുവിച്ച അന്വേഷണ റിപ്പോർട്ടുകൾ | | ധനാപഹരണം | | ധനദുർവിനിയോഗം | | തൻവർഷം തീർപ്പാക്കിയ അന്വേഷണ റിപ്പോർട്ടുകൾ | | തീർപ്പാക്കാൻ അവശേഷിക്കുന്ന അന്വേഷണ റിപ്പോർട്ടുകളുടെ എണ്ണം | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | *എണ്ണം* | *തുക (കോടി)* | *എണ്ണം* | *തുക (കോടി)* | *വരവ് (കോടി)* | *ചെലവ് (കോടി)* | *വരവ് (കോടി)* | *ചെലവ് (കോടി)* | *എണ്ണം* | *തുക* | *എണ്ണം* | *തുക (കോടി)* |
| 1. | ഗ്രാമപഞ്ചായത്ത് | 14 | 5.42 | 03 | 1.05 | 00 | 00 | 00 | 00 | 00 | 00 | 17 | 6.47 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 01 | 0.33 | 01 | 0.034 | - | - | - | 0.034 | 00 | - | 02 | 0.34 |
| 3. | ജില്ലാ പഞ്ചായത്ത് | 0 | 0 | 0 | | 0 | 0 | 0 | 0 | - | 0 | 0 | 0 |
| 4. | മുനിസിപ്പൽ കൗൺസിൽ | 01 | 0.057 | - | 0 | - | - | - | - | 0 | - | 01 | 0.057 |
| 5. | മുനിസിപ്പൽ കോർപ്പറേഷൻ | - | - | 01 | 0.068 | - | 0.068 | - | - | - | - | 01 | 0.068 |
| 6. | സർവ്വകലാശാല | - | - | - | - | - | - | - | - | - | - | - | - |
| 7. | ദേവസ്വം ബോർഡ് | 25 | 0.12 | 07 | - | - | - | - | - | 01 | - | 31 | 0.12 |
| 8. | ക്ഷേമനിധി ബോർഡുകൾ | | - | 01 | 0.09 | - | 0.09 | - | - | - | - | 01 | 0.09 |
| 9. | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | - | - | - | - | - | - | - | - | - | - | - | - |
| 10. | സർവ്വ വിജ്ഞാനകോശം ഇൗൻസ്റ്റിറ്റ്യൂട്ട് | - | - | - | - | - | - | - | - | - | - | - | - |
| 11. | വികസന അതോറിറ്റികൾ | - | - | - | - | - | - | - | - | - | - | - | - |
| 12. | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | - | - | - | - | - | - | - | - | - | - | - | - |
| 13. | കെ.എച്ച്.ആർ. ഡബ്ല്യൂ.എസ് | - | - | - | - | - | - | - | - | - | - | - | - |
| 14. | അനാഥാലയങ്ങൾ | - | - | - | - | - | - | - | - | - | - | - | - |
| 15 | ആശുപത്രി വികസന സമിതികൾ | - | - | - | - | - | - | - | - | - | - | - | - |
| 16. | ലൈബ്രറി കൗൺസിൽ | - | - | - | - | - | - | - | - | - | - | - | - |
| 17. | സാംസ്കാരിക സ്ഥാപനങ്ങൾ | - | - | - | - | - | - | - | - | - | - | - | - |
| 18. | വഖഫ് ബോർഡ് | - | - | - | - | - | - | - | - | - | - | - | - |
| 19. | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ | - | - | - | - | - | - | - | - | - | - | - | - |
| 20. | മറ്റ് സ്ഥാപനങ്ങൾ | - | - | - | - | - | - | - | - | - | - | - | - |
| | **ആകെ** | **41** | **5.93** | **13** | **1.24** | **-** | **0.16** | **-** | **0.034** | **01** | **-** | **53** | **7.15** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| അനുബന്ധം V | | | | | | |
|---|---|---|---|---|---|---|
| **2019-20 ൽ ലഭിച്ചതും തീർപ്പാക്കിയതുമായ പെൻഷൻ പേപ്പറുകൾ** | | | | | | |
| **ക്രമ നം** | **സ്ഥാപനങ്ങളുടെ പേര്** | **വർഷാരംഭം തീർപ്പാക്കാനുള്ള പെൻഷൻ കേസുകളുടെ എണ്ണം** | **തൻവർഷം ലഭിച്ച കേസുകളുടെ എണ്ണം** | **ആകെ** | **തീർപ്പാക്കിയ പെൻഷൻ കേസുകളുടെ എണ്ണം** | **വർഷാവസാനം തീർപ്പാക്കാൻ അവശേഷിക്കുന്ന പെൻഷൻ കേസുകളുടെ എണ്ണം** |
| *1* | *2* | *3* | *4* | *5* | *6* | *7* |
| 1. | ഗ്രാമപഞ്ചായത്ത് | 68 | 404 | 472 | 459 | 13 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 00 | 00 | 00 | 00 | 00 |
| 3. | ജില്ലാ പഞ്ചായത്ത് | 00 | 03 | 03 | 03 | 00 |
| 4. | മുനിസിപ്പൽ കൗൺസിൽ | 31 | 379 | 410 | 382 | 28 |
| 5. | മുനിസിപ്പൽ കോർപ്പറേഷൻ | 47 | 569 | 616 | 586 | 30 |
| 6. | സർവ്വകലാശാല | 106 | 708 | 814 | 754 | 60 |
| 7. | ദേവസ്വം ബോർഡ് | 33 | 394 | 427 | 401 | 26 |
| 8. | ക്ഷേമനിധി ബോർഡുകൾ | - | - | - | - | - |
| 9. | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 23 | 61 | 84 | 82 | 02 |
| 10. | സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | - | 06 | 06 | 06 | - |
| 11. | വികസന അതോറിറ്റികൾ | 02 | 41 | 43 | 42 | 01 |
| 12. | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | - | 20 | 20 | 20 | - |
| 13. | കെ.എച്ച്.ആർ. ഡബ്ല്യൂ.എസ് | 01 | 08 | 09 | 06 | 03 |
| 14. | അനാഥാലയങ്ങൾ | - | - | - | - | - |
| 15 | ആശുപത്രി വികസന സമിതികൾ | - | - | - | - | - |
| 16. | ലൈബ്രറി കൗൺസിൽ | 01 | 19 | 20 | 20 | - |
| 17. | സാംസ്കാരിക സ്ഥാപനങ്ങൾ | 04 | 18 | 22 | 22 | - |
| 18. | വഖഫ് ബോർഡ് | - | - | - | - | - |
| 19. | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ | - | - | - | - | - |
| 20. | മറ്റ് സ്ഥാപനങ്ങൾ | 16 | 30 | 46 | 46 | - |
| | **ആകെ** | **332** | **2,660** | **2,992** | **2,829** | **163** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| അനുബന്ധം VI | | | | | | | |
|---|---|---|---|---|---|---|---|
| 2019-20 ൽ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിൽ നിരാകരിച്ച തുക/തടസ്സപ്പെടുത്തിയ തുക/തിരികെ ഈടാക്കിയ തുക | | | | | | | |
| **ക്രമ നം** | **സ്ഥാപനങ്ങളുടെ പേര്** | **ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ എണ്ണം** | **ആകെ വരവ് (തുക കോടിയിൽ)** | **ആകെ ചെലവ് (തുക കോടിയിൽ)** | **നിരാകരിച്ച തുക (തുക കോടിയിൽ)** | **തടസ്സപ്പെട്ടുത്തിയ തുക (തുക കോടിയിൽ)** | **നിരാകരിച്ചതും തുക തിരികെ ഈടാക്കിയതുമായ തുക (തുക കോടിയിൽ)** |
| *1* | *2* | *3* | *4* | *5* | *6* | *7* | *8* |
| 1. | ഗ്രാമപഞ്ചായത്ത് | 824 | 9,153.08 | 6,920.7 | 6.83 | 157.2 | 0.50 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 140 | 1,398.01 | 1,267.39 | 2.14 | 66.37 | 0.0171 |
| 3. | ജില്ലാ പഞ്ചായത്ത് | 07 | 622.52 | 580.64 | 5.16 | 41.76 | 0.09 |
| 4. | മുനിസിപ്പൽ കൗൺസിൽ | 70 | 2,922.08 | 2,140.7 | 2.314 | 95.48 | 0.047 |
| 5. | മുനിസിപ്പൽ കോർപ്പറേഷൻ | 7 | 2,067.64 | 1,746.39 | 2.85 | 84.91 | 0.315 |
| 6. | സർവ്വകലാശാല | 13 | 2,850.79 | 2,551.46 | 0.79 | 20.59 | - |
| 7. | ദേവസ്വം ബോർഡ് | 477 | 1,560.07 | 1,331.74 | 0.77 | 6.83 | - |
| 8. | ക്ഷേമനിധി ബോർഡുകൾ | 22 | 1,900.29 | 1,032.26 | 0.06 | 15.66 | - |
| 9. | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 01 | 34.08 | 49.20 | 0.02 | 0.173 | - |
| 10. | സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | - | - | - | - | - | - |
| 11. | വികസന അതോറിറ്റികൾ | 02 | 82.05 | 80.89 | 1.58 | 0.32 | - |
| 12. | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 01 | 6.94 | 8.30 | 0.016 | 1.24 | - |
| 13. | കെ.എച്ച്.ആർ. ഡബ്ല്യൂ.എസ് | - | - | - | - | - | - |
| 14. | അനാഥാലയങ്ങൾ | 438 | 208.42 | 199.74 | - | - | - |
| 15 | ആശുപത്രി വികസന സമിതികൾ | 472 | 161.73 | 160.81 | 0.19 | 0.13 | - |
| 16. | ലൈബ്രറി കൗൺസിൽ | 73 | 636.25 | 151.39 | - | 1.36 | - |
| 17. | സാംസ്കാരിക സ്ഥാപനങ്ങൾ | 37 | 253.47 | 237.97 | 0.041 | 0.26 | - |
| 18. | വഖഫ് ബോർഡ് | - | - | - | - | - | - |
| 19. | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ | 09 | 20.66 | 16.54 | 0.0013 | 0.07 | - |
| 20 | മറ്റ് സ്ഥാപനങ്ങൾ | 60 | 44.77 | 42.87 | 0.01 | 1.77 | - |
| | **ആകെ** | **2,653** | **23,922.85** | **18,518.99** | **22.77** | **494.12** | **0.97** |

**ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| അനുബന്ധം VII | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഓഡിറ്റ് ചാർജ്ജ് വരവും കുടിശ്ശികയും | | | | | | | | | | |
| **ക്രമ നം** | **സ്ഥാപന ത്തിന്റെ പേര്** | **കുടിശ്ശിക ഡിമാന്റ്** | **തൻ വർഷ ഡിമാന്റ്** | **ആകെ** | **കുടിശ്ശിക വരവ്** | **തൻവർഷ വരവ്** | **ആകെ** | **കുടിശ്ശിക നീക്കി യിരിപ്പ് (31.03.2020)** | **തൻവർഷ നീക്കിയിരിപ്പ്** | **ആകെ നീക്കിയിരിപ്പ് (31.03.2020)** |
| *1* | *2* | *3* | *4* | *5 (3+4)* | *6* | *7* | *8 (6+7)* | *9 (3-6)* | *10* | *11* |
| 1. | സർവ്വകലാശാല | 178302350 | 101879463 | 280181813 | 8264642 | 5057791 | 13322433 | 170037708 | 96821672 | 266859380 |
| 2. | ദേവസ്വം (മലബാർ ദേവസ്വം ഒഴികെ) | 50684302 | 28441413 | 79125715 | 0 | 0 | 0 | 50684302 | 28441413 | 79125715 |
| 3. | മലബാർ ദേവസ്വം | 17846024 | 84810164 | 102656188 | 2154074 | 6293198 | 8447272 | 15691950 | 78516966 | 94208916 |
| 4. | വികസന അതോറിറ്റികളും കേരള സംസ്ഥാന ഹൗസിംഗ് ബോർഡും | 185680453 | 34397281 | 220077734 | 0 | 0 | 0 | 185680453 | 34397281 | 220077734 |
| 5. | ടൂറിസം പ്രൊമോഷൻ കൗൺസിൽ | 4022426 | 6719790 | 10742216 | 204004 | 0 | 204004 | 3818422 | 6719790 | 10538212 |
| 6. | സ്പോർട്സ് കൗൺസിൽ | 7565331 | 24997 | 7590328 | 0 | 0 | 0 | 7565331 | 24997 | 7590328 |
| 7. | ക്ഷേമനിധി | 14451018 | 110201239 | 124652257 | 160598 | 660119 | 820717 | 14290420 | 109541120 | 123831540 |
| 8. | കേരള പോലീസ് വെൽഫയർ & അമിനിറ്റി ഫണ്ട് | 104370 | 206060 | 310430 | 0 | 5204 | 5204 | 104370 | 200856 | 305226 |
| 9. | സാംസ്കാരിക സ്ഥാപനങ്ങൾ | 5830841 | 8055489 | 13886330 | 0 | 396805 | 396805 | 5830841 | 7658684 | 13489525 |
| 10. | മിസലേനിയസ് സ്ഥാപനങ്ങൾ | 13844452 | 21828285 | 35672737 | 0 | 791661 | 791661 | 13844452 | 21036624 | 34881076 |
| | **ആകെ** | **478331567** | **396564181** | **874895748** | **10783318** | **13204778** | **23988096** | **467548249** | **383359403** | **850907652** |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം VIII

### 2019 - 20 ൽ പുറപ്പെടുവിച്ച ചാർജ്ജ്/സർചാർജ്ജ് നോട്ടീസുകളും സർട്ടിഫിക്കറ്റുകളും

| വിശദവിവരം | ചാർജ്ജ് നോട്ടീസുകൾ | | സർചാർജ്ജ് നോട്ടീസുകൾ | | തിരികെ ഈടാക്കിയ തുക | |
|---|---|---|---|---|---|---|
| | | | | | ചാർജ്ജ് നോട്ടീസ് | സർചാർജ്ജ് നോട്ടീസ് |
| | എണ്ണം | തുക | എണ്ണം | തുക | തുക | തുക |
| പുറപ്പെടുവിച്ച ചാർജ്ജ്/സർചാർജ്ജ് നോട്ടീസുകളുടെ എണ്ണം | 11 | 21,40,353 | 169 | 2,44,01,600 | 20,000 | 5,73,241 |
| | ചാർജ്ജ് സർട്ടിഫിക്കറ്റുകൾ | | സർചാർജ്ജ് സർട്ടിഫിക്കറ്റുകൾ | | ചാർജ്ജ് സർട്ടിഫിക്കറ്റ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് |
| | എണ്ണം | തുക | എണ്ണം | തുക | തുക | തുക |
| പുറപ്പെടുവിച്ച ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റുകളുടെ വിവരം | 04 | 1,58,890 | 32 | 22,19,333 | 0 | 86,491 |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| അനുബന്ധം IX | |
|---|---|
| **2019-20 ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് തുകകൾ** | |
| 31.03.2020 വരെയുള്ള എൻഡോവ്മെന്റുകളുടെ എണ്ണം | 1251 (നം - 1331) |
| 2019-20 വർഷം പുതുതായി ആരംഭിച്ച എൻഡോവ്മെന്റുകളുടെ എണ്ണം | 01 |
| **(എ) നിക്ഷേപത്തുകകളുടെ വിവരം** | |
| അമാൽഗമേറ്റഡ് ഫണ്ട് | 12,93,08,253 |
| ജനറൽ കോർപ്പസ് ഫണ്ട് | 4,26,76,625 |
| **ആകെ** | **17,19,84,878** |
| **2019-20 ൽ നിക്ഷേപത്തുകകൾക്ക് ലഭിച്ച പലിശ** | |
| അമാൽഗമേറ്റഡ് ഫണ്ട് | 94,06,372 |
| ജനറൽ കോർപ്പസ് ഫണ്ട് | 35,93,432 |
| **ആകെ** | **1,29,99,804** |
| **മറ്റ് വരവുകൾ** | |
| അമാൽഗമേറ്റഡ് ഫണ്ട് (Augumentation of corpus) | 31,50,000 |
| **ചെലവുകൾ** | |
| അമാൽഗമേറ്റഡ് ഫണ്ട്<br>FD തുടങ്ങിയത് | 31,50,000 |
| ജനറൽ ഫണ്ട് എൻഡോവ്മെന്റുകൾക്ക് പലിശ നൽകിയത് | 4,25,603 |
| **വിനിയോഗിക്കാത്ത ബാക്കി തുക** | |
| അമാൽഗമേറ്റഡ് ഫണ്ട് | 94,06,372 |
| ജനറൽ ഫണ്ട് | 31,67,829 |
| **ആകെ** | **1,25,74,201** |
| ആദായ നികുതി ഈടാക്കിയത് | NIL |
| ക്രമവൽക്കരിച്ച സ്കീമുകളുടെ വിവരം | NIL |
| **അമാൽഗമേറ്റഡ് ഫണ്ട് തുകയുടെ ചെലവ് (മറ്റുള്ളവ)** | |
| മുൻവർഷത്തെ വിനിയോഗിക്കാത്ത ബാക്കി തുക കോർപ്പസിനോട് കൂട്ടിച്ചേർത്തത് | 2,25,58,253 |

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**